LIBRARY ARCHIVES Kerala Legislative Assembly

(സി)

	ജില്ല	എണ്ണം
1.	തിരുവനന്തപുരം	147,476
2.	കൊല്ലം	112,587
3.	പത്തനംതിട്ട	46,670
4.	കോട്ടയം	76,492
5.	ആലപ്പുഴ	67,444
6.	എറണാകുളം	156,605
7.	ഇടുക്കി	47,626
8.	തൃശ്ശൂർ	128,738
9.	പാലക്കാട്	125,661
10.	കോഴിക്കോട്	142,218
11.	മലപ്പുറം	182,550
12.	വയനാട്	32,175
13.	കണ്ണൂർ	120,568
14.	കാസർഗോഡ്	72,584

(ഡി) ജില്ലയിലെ നഗരങ്ങളെ എ.പി.ഡി.ആർ.പി. സ്കീമിൽ ഉൾപ്പെടുത്തി ശൃംഖല ബലപ്പെടുത്തുന്നതിനുള്ള പണികളും പുതുതായി 11 കെ. വി. ലൈൻ വലിക്കുന്നതിനുള്ള പണികളും ചെയ്തുവരുന്നു. മെറ്റീരിയൽസിന്റെ ക്ഷാമം കാരണം മുടങ്ങിക്കിടന്നതും തുടങ്ങുവാൻ കഴിയാത്തതുമായ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പണികൾ സമാനമായി പൂർത്തീകരിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. എ.പി.ഡി.ആർ.പി. കൂടാതെ എം.പി/എം.എൽ.എ. (ലോക്കൽ ഏരിയാ ഡെവലപ്മെന്റ്) പി.പി.എസ്. മുതലായ സ്കീമുകളും നടപ്പിലാക്കുന്നുണ്ട്.

വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം

7 [325] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സബ് ഡിവിഷനുകളിൽ ഗാർഹിക കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സബ് ഡിവിഷനുകളുടെ കീഴിൽ വരുന്ന വിവിധ സെക്ഷനുകളിൽ ഏറ്റവും ഒടുവിൽ വിവിധ കാറ്റഗറികളിൽ കണക്ഷൻ നൽകിയ തീയതി വിശദമാക്കാമോ;

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർക്കും കുടീർജ്യോതി അപേക്ഷ കർക്കും കണക്ഷൻ നൽകാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുമോ;

(ഡി) ഗാർഹിക കണക്ഷൻ നൽകുന്നതിനാവശ്യമായ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) വൈദ്യുതി പോസ്റ്റിന് 100 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്കും കുടിർജ്യോതി അപേക്ഷകർക്കും സമയബന്ധിതമായി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1896.

(ബി) അനുബന്ധമായി ചേർക്കുന്നു. †

(സി) പോസ്റ്റ് ആവശ്യമില്ലാത്ത വർക്കുകൾക്കേ പ്രത്യേക മുൻഗണന നൽകുന്നുള്ളു. അതിനാൽ ഇത്തരം കണക്ഷനുകൾക്ക് കാലതാമസമില്ല.

(ഡി) സാധനസാമിഗ്രികൾ ആവശ്യമായ അളവിൽ വാങ്ങുന്നതിനായി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

(ഇ) നിലവിൽ വൈദ്യുതി പോസ്റ്റിൽനിന്നും 35 മീറ്റർ വരെയുള്ളവർക്കും കുടിർജ്യോതി അപേക്ഷകർക്കും കാലതാമസം കൂടാതെ കണക്ഷൻ നൽകുന്നുണ്ട്.

കുടിർജ്യോതി പദ്ധതി പ്രകാരമുള്ള ഗാർഹിക വൈദ്യുതി കണക്ഷനുകൾ

8 [326] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിർജ്യോതി പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വ്യക്ത മാക്കാമോ:

(ബി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്: അനുവദിച്ച കണക്ഷനുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും ഈ പദ്ധതി നടപ്പാക്കാൻ എത്ര തുക ഗ്രാന്റായി ലഭിച്ചിട്ടുണ്ട്; ചെലവുചെയ്ത തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈയിനത്തിൽ തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്ത മാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly